**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം763 03.12.2014-ൽ മറുപടിക്ക്**

**<u>പാലക്കാട് ജില്ലയിലെ ആശുപത്രികളിലെ ഒഴിവുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ ആശുപത്രികളിൽ ഡോക്ടർമാരുൾപ്പെടെ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) 381 **ഒഴിവുകൾ.** ഒഴിവുള്ള ഡോക്ടർമാർ ഉൾപ്പെടെയുള്ള തസ്തികയിലേയ്ക്ക് അഡ്ഹോക്ക്/ എൻ.ആർ.എച്ച്.എം വഴി നിയമനം നടത്തി ഒഴിവുകൾ നികത്തിയിട്ടുണ്ട്. പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിവിൽ സർജൻ, കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ് എന്നീ തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു. സർവ്വീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റിന്റെ തസ്തികയിൽ പ്ലേസ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പാലക്കാട് മെഡിക്കൽ കോളേജിനായി പുതിയതായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ? | (സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം 103 ക്ലിനിക്കൽ സ്റ്റാഫിനെയും 53 നോൺ ടീച്ചിങ്ങ് സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ